**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**<u>സംഗ്രഹം</u>**

2012 അഡ്മിഷൻ യു.ജി പ്രൈവറ്റ് രജിസ്ട്രേഷൻ (സി.ബി.സി.എസ്.എസ്) വിദ്യാർത്ഥികളുടെ സെമസ്റ്റർ ഇംപ്രൂവ്മെന്റ് മാർക്ക്, CGPA കണക്കാക്കുന്നതിന് പരിഗണിക്കുന്നത് സംബന്ധിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 3 സെക്ഷൻ**

നം: 1508/എസി.എ III/3/ഇജി IV/1/സെമസ്റ്റർ ഇംപ്രൂവ്മെന്റ്/2019 തീയതി : 08/05/2019

---

പരാമർശം :– 1. സ.ഉ.നം. 2544/Ac.AIX/3/SDE Regulation Modification/2016 തീയതി 04.05.2016

2. വൈസ് ചാൻസലറുടെ(i/c) 12.04.2019 തീയതിയിലെ ഉത്തരവ്

3. വൈസ് ചാൻസലറുടെ(i/c) 30.04.2019 തീയതിയിലെ ഉത്തരവ്

**<u>ഉത്തരവ്</u>**

ശ്രീമതി . ഗിഫ്റ്റി ജോയി (GIFTY JOY), രജിസ്റ്റർ നമ്പർ : 120050044868 എന്ന വിദ്യാർത്ഥിനി B.Com(Finance & Taxation) പ്രൈവറ്റായി പഠിക്കുകയും ആറാം സെമസ്റ്റർ മാർച്ച് 2015 ലെ പരീക്ഷ ഫലപ്രഖ്യാപനത്തിൽ CGPA 1.5 ലഭിയ്ക്കാത്തതിനാൽ ഒക്ടോബർ 2016-ൽ രണ്ടാം സെമസ്റ്റർ, സെമസ്റ്റർ ഇംപ്രൂവ്മെന്റ് ചെയ്ത് വിജയിക്കുകയും ചെയ്തിരുന്നു. ടിയാൾക്ക് രണ്ടാം സെമസ്റ്ററിൽ ഇംഗ്ലീഷ് ഒഴികെയുള്ള മറ്റ് വിഷയങ്ങൾക്ക് ഒക്ടോബർ 2016 ലെ പരീക്ഷയ്ക്ക് ലഭിച്ച ഉയർന്ന മാർക്ക് പരിഗണിച്ചും, ഇംഗ്ലീഷിന് ഒക്ടോബർ 2016 പരീക്ഷയ്ക്ക് ലഭിച്ചതിനേക്കാൾ, ജൂൺ 2013 ൽ ലഭിച്ച ഉയർന്ന മാർക്ക് പരിഗണിച്ചുമാണ് സമാഹൃത മാർക്ക് ലിസ്റ്റും ഡിഗ്രി സർട്ടിഫിക്കറ്റും നൽകിയിട്ടുള്ളത് .

ടിയാൾ ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റ് ഓഫ് മാർക്ക്സ്-ന് അപേക്ഷ സമർപ്പിച്ചപ്പോൾ സെമസ്റ്റർ ഇംപ്രൂവ്മെന്റിന്റെ മാർക്ക് CGPA കണക്കാക്കുന്നതിന് എപ്രകാരം പരിഗണിക്കുന്നു എന്നതിന്റെ വ്യക്തതയ്ക്കായി പരീക്ഷാ വിഭാഗം, അക്കാദമിക് വിഭാഗത്തിന്റെ അഭിപ്രായം ആരായുകയുണ്ടായി .

ഈ വിഷയം പരിശോധിച്ചപ്പോൾ ,സെമസ്റ്റർ ഇംപ്രൂവ്മെന്റിലെ ഒരു പേപ്പറിന് മുൻപ് കൂടുതൽ മാർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ ആ മാർക്ക് സെമസ്റ്റർ ഇംപ്രൂവ്മെന്റിലേയ്ക്ക് പരിഗണിച്ച് SGPA യും തുടർന്ന് CGPA യും നിർണ്ണയിക്കാവുന്നതാണോ എന്ന കാര്യം പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ലെന്ന് ബോധ്യമായതിനാൽ താഴെ പറയുന്ന ശിപാർശകൾ അക്കാദമിക് കൗൺസിൽ മുൻപാകെ സമർപ്പിക്കുവാൻ പരാമർശം (2) പ്രകാരം വൈസ് ചാൻസലർ (i/c) 12.04.2019 തീയതിയിൽ ഉത്തരവാകുകയും പ്രസ്തുത ശിപാർശകൾ അക്കാദമിക് കൗൺസിൽ മുൻപാകെ സമർപ്പിക്കുകയും ചെയ്തു .

1. 2012 അഡ്മിഷൻ യു.ജി പ്രൈവറ്റ് രജിസ്ട്രേഷൻ (സി.ബി.സി.എസ്.എസ്) വിദ്യാർത്ഥികൾക്ക് CGPA കണക്കാക്കുന്നതിൽ പിന്തുടർന്ന് വരുന്ന, Re-appearance ന് ഒരു പേപ്പറിന് ലഭിച്ച മാർക്കിനേക്കാൾ മുൻപ് ഉയർന്ന മാർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ അത് പരിഗണിച്ച് SGPA യും തുടർന്ന് CGPA യും കണക്കാക്കുന്ന രീതി അംഗീകരിക്കാവുന്നതാണ് .
2. ഇക്കാര്യത്തിൽ സെമസ്റ്റർ ഇംപ്രൂവ്മെന്റ് ചെയ്യുന്ന വിദ്യാർത്ഥിയുടെ ഓരോ പേപ്പറിന്റെയും ഉയർന്ന മാർക്കുകളാണ് പുതിയ SGPA യും CGPA യും നിർണ്ണയിക്കുന്നതിന് പരിഗണിയ്ക്കേണ്ടത് എന്ന രീതിയിൽ റെഗുലേഷനിൽ ഭേദഗതി വരുത്താവുന്നതാണ് .

പരാമർശം (3) പ്രകാരം മേൽ ശിപാർശകൾ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം 3 വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ (i/c) 30.04.2019 തീയതിയിൽ അംഗീകരിച്ചു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ് /-

രമേഷ് നാരായൺ

അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:
1. വൈസ് ചാൻസലറുടെ /പ്രൊ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി.
2. രജിസ്ട്രാർ / പരീക്ഷാ കൺട്രോളറുടെ പി.എ. മാർ
3. എ സി സി 2 സെക്ഷൻ
4. ഇജി IV സെക്ഷൻ /എ സി എ 9 സെക്ഷൻ
5. എ.ആർ II / ഡി.ആർ II / ജെ.ആർ II (അക്കാദമിക്)
6. എ.ആർ X / എ.ആർ IV/ ഡി.ആർ III/ ജെ.ആർ III(പരീക്ഷാ വിഭാഗം)
7. കണ്ടെന്റ് മാനേജ്മെന്റ് വിഭാഗം /റെക്കോർഡ് സെക്ഷൻ
8. ഐ ക്യു എ സി / സിസ്റ്റം മാനേജർ /സിടെക്സ്
9. കരുതൽ ഫയൽ/ ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം : EG IV/1/OT Attestation/2018